**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*522.** **26.10.2016 ന് മറുപടിയ്ക്ക്**

**മദ്യ വിപത്തിനും വർദ്ധിച്ചു വരുന്ന മദ്യാസക്തിക്കുമെതിരെ അവബോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, സി.കൃഷ്ണൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.വി.അബ്ദുൾ ഖാദർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യ വിപത്തിനും വർദ്ധിച്ചു വരുന്ന മദ്യാസക്തിക്കുമെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും, മഹാവിപത്തിനെയുംകുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, ക്ലബ്ബുകൾ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവയുമായി ചേർന്ന് വിവിധ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറുകളും, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നുണ്ട്.<br>റെയിൽവേ സ്റ്റേഷനുകളിലെയും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെയും CCTV വഴിയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും, |

| | | | |
|---|---|---|---|
| | | | സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും, മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു. മദ്യവർജ്ജനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവത്ക്കരണ പരിപാടികളാണ് നടത്തി വരുന്നത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗമത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളാണ്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br>നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്ട്സ്-അപ്പ് ഹെൽപ്പ് ലൈൻ നമ്പരും, മൊബൈൽ ഫോൺ നമ്പരും നിലവിലുണ്ട്. |
| (ബി) | ഇതിനായി വിദ്യാർത്ഥികൾ, | (ബി) | സ്കൂൾ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, |

| | | | |
|---|---|---|---|
| | യുവാക്കൾ, സ്ത്രീകൾ, സർക്കാരിതര സംഘടനകൾ മുതലായവരെ അണി നിരത്തി ഏകോപിപ്പിച്ച പ്രവർത്തനം സാധ്യമാകുമോ; | | നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, മദ്യവർജ്ജന സമിതി, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന-മഹിള സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടു കൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ വിഷയത്തിലെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ വിമുക്തി മുഖേന സംഘടിപ്പിയ്ക്കുന്നതാണ്. |
| (സി) | എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി വ്യാജമദ്യ ലഭ്യത തടയുന്നതിനും ലഹരിക്കായി ആയുർവ്വേദ മരുന്നുകളും അലോപ്പതി മരുന്നുകളും ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉല്പ്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈസൻസ് കൂടാതെ ആൾക്കഹോൾ, ലഹരി മരുന്ന് എന്നിവ അടങ്ങിയ ആയുർവ്വേദ മരുന്നുകൾ ഉല്പാദിപ്പിക്കുകയും വിപണനം നടത്തുയും ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസ പരിശോധനയ്ക്ക് വിധേയമാക്കുകയും പ്രസ്തുത സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.<br><br>വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വില്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്/എം&റ്റി.പി./കോട്പ |

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും, പരാതികളും പൊതുജനങ്ങളിൽ നിന്നും സോഷ്യൽ മീഡിയ അടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുന്നുണ്ട്. ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരായി അവബോധം ഉണ്ടാക്കുകയും മേൽപ്രകാരം പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**